**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - മരണമടഞ്ഞ അസിസ്റ്റന്റ് എഞ്ചിനീയർ കെ.ശ്രീധരന്റെ മകൻ ശ്രീ.ജിഷ്ണു.എസ്.എസ്-നെ ആശ്രിതനിയമന പദ്ധതി പ്രകാരം ഓവർസീയർ ഗ്രേഡ് III തസ്തികയിൽ നിയമിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്

സ.ഉ. (കൈ) നം. 80/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 07.06.2018

---

പരാമർശം:
1. സ.ഉ(പി)നം.12/99/ഉ.ഭ.പ.വ തീയതി 24.05.1999.
2. ശ്രീ.ജിഷ്ണു.എസ്.എസ്, ടി.സി 13/255(1), മടത്തുവിളാകത്ത് വീട്, പാറ്റൂർ, പേട്ട പി.ഒ, തിരുവനന്തപുരം - 695024, സമർപ്പിച്ച 02.05.2016, 30.08.2017 എന്നീ തീയതികളിലെ അപേക്ഷകൾ.
3. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20.09.2016, 20.01.2017 എന്നീ തീയതികളിലെ ഇ 2/5834/2016/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 02.07.2017 ലെ എസ്6-101262/16 നമ്പർ കത്ത്.
5. സ.ഉ(സാധാ)നം.1318/2018/തസ്വഭവ തീയതി 11.05.2018.

## ഉത്തരവ്

തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറായിരിക്കെ 19.05.2013 ന് മരണമടഞ്ഞ കെ. ശ്രീധരന്റെ മകൻ ശ്രീ.ജിഷ്ണു.എസ്.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അസി. എഞ്ചിനീയർ തസ്തികയിലെ ആശ്രിതനിയമനത്തിന് 02.05.2016 ന് അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ, ആശ്രിതനിയമനം സബോർഡിനേറ്റ് സർവ്വീസിലെ ക്ലാസ്സ് III, ക്ലാസ് IV തസ്തികകളിൽ പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ അസി.എഞ്ചിനീയർ തസ്തികയിലേക്കുള്ള ടിയാന്റെ അപേക്ഷ പരിഗണിക്കനാർഹമല്ലാതത്തിനാൽ, ടിയാൻ ഓവർസീയർ ഗ്രേഡ് III തസ്തികയിലെ നിയമനത്തിന് 30.08.2017 ന് പുതിയ അപേക്ഷ സമർപ്പിച്ചു.

2. മരണമടഞ്ഞ കെ. ശ്രീധരന് 31 വർഷവും, 10 മാസവും 25 ദിവസത്തെ സേവനകാലയളവ് ഉണ്ട്. 25 വയസ്സുള്ള അപേക്ഷകനായ ശ്രീ.ജിഷ്ണുവിന്റെ ജനനത്തീയതി 15.02.1993 ആണ്. ടിയാൻ ബി.ടെക്ക് ബിരുദധാരിയാണ്. മരണമടഞ്ഞ ജീവനക്കാരന് ഭാര്യ, അപേക്ഷകനടക്കം രണ്ട് മക്കൾ, മാതാവ് എന്നിവർ നിയമപരമായ അവകാശികളായുണ്ട്. അപേക്ഷകന് ആശ്രിതനിയമനം ലഭിക്കുന്നതിന് മറ്റ് അവകാശികൾക്ക് സമ്മതമാണെന്ന് അറിയിച്ചിട്ടുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 2,26,920/- രൂപയാണെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിക്കുകയും, മറ്റ് അവകാശികൾക്കാർക്കും ആശ്രിതനിയമന പദ്ധതി പ്രകാരം നിയമനം നൽകിയിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടിയാൻ ഓവർസീയർ ഗ്രേഡ് III തസ്തികയിലെ ആശ്രിതനിയമനത്തിന് യോഗ്യനായതിനാൽ നിയമനം നൽകുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനിയറും തിരുവനന്തപുരം ജില്ലാ കളക്ടറും ശുപാർശ ചെയ്തിട്ടുണ്ട്.

(2ാം പുറം)

3. അപേക്ഷകന്റെ ആശ്രിതനിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കകം സമർപ്പിക്കാത്തതിനാൽ ടി കാര്യത്തിൽ വന്നിട്ടുള്ള കാലതാമസം പരാമർശം (5) ഉത്തരവ് പ്രകാരം മാപ്പാക്കി നൽകുകയും ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ, തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ മരണമടഞ്ഞ കെ. ശ്രീധരന്റെ മകൻ ശ്രീ.ജിഷ്ണു.എസ്.എസ്-ന് ടി.സി 13/255(1), മടത്തുവിളാകത്ത് വീട്, പാറ്റൂർ, പേട്ട. പി.ഒ, തിരുവനന്തപുരം - 695024 തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസീയർ ഗ്രേഡ് III തസ്തികയിലെ നിലവിലുള്ള ഒഴിവിലോ അല്ലെങ്കിൽ അടുത്ത വരുന്ന ഒഴിവിലോ പരാമർശം(1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിതനിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. മരണപ്പെട്ട ജീവനക്കാരന്റെ സേവനപുസ്തകത്തിലും കൂടാതെ ടിയാൻ അവസാനമായി ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ഇതു സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും ഓഫീസ് മേധാവി/വകുപ്പ് മേധാവി പ്രസ്തുത രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

5. അപേക്ഷകൻ സമർപ്പിച്ച ആശ്രിതനിയമനത്തിനുള്ള അപേക്ഷയിലോ, അല്ലെങ്കിൽ പിന്നീടുള്ള അന്വേഷണത്തിലോ ടിയാൻ വസ്തുതകൾ മറച്ചുവച്ചുയെന്നോ അല്ലെങ്കിൽ സാരമായ വസ്തുതകൾ തെറ്റായി പ്രതിപാദിക്കുകയോ ചെയ്തുവെന്നോ സർക്കാരിന് ബോധ്യപ്പെടുന്നപക്ഷം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിതനിയമനം നൽകി കൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കപ്പെടുന്നതാണ്.

6. തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അപേക്ഷകന്, ടിയാൻ ഹാജരാക്കുന്ന വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച് യാഥാർത്ഥ്യത ഉറപ്പ് വരുത്തിയതിന് ശേഷം സമാശ്വാസ തൊഴിൽദാന പദ്ധതിയിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി നിയമന ഉത്തരവ് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ. ഗിരിജ**

അഡീഷണൽ സെക്രട്ടറി

1. ശ്രീ.ജിഷ്ണു.എസ്.എസ്, ടി.സി 13/255(1), മടത്തുവിളാകത്ത് വീട്, പാറ്റൂർ, പേട്ട. പി.ഒ, തിരുവനന്തപുരം- 695024. *(രജിസ്റ്റേഡ് തപാൽ മുഖേന)*
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ